വി.ആർ. 37375/17/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
03-01-2018

# സർക്കുലർ

വിഷയം : വിദ്യാരംഗം കലാസാഹിത്യവേദി-സർഗസാഹിതി 2018-അധ്യാപക സാഹിത്യ ശില്പശാല സംബന്ധിച്ച്.

വിദ്യാരംഗം കലാസാഹിത്യവേദി 'സർഗസാഹിതി' എന്ന പേരിൽ സംസ്ഥാനതലത്തിൽ പ്രൈമറി, ഹൈസ്കൂൾ വിഭാഗം അധ്യാപകർക്കായി സാഹിത്യശില്പശാല നടത്തുന്നു. കഥ, കവിത എന്നീ മേഖലകളിലാണ് ശില്പശാല നടക്കുക. കഥ, കവിത എന്നീ മേഖലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 30 വീതം അധ്യാപകരാണ് ശില്പശാലയിലെ പങ്കാളികൾ. അധ്യാപകരുടെ രചനകൾ പരിഗണിച്ചാണ് ശില്പശാലയിലെ അംഗങ്ങളെ നിശ്ചയിക്കുന്നത്. സാഹിത്യരംഗത്തെ പ്രശസ്തർ നയിക്കുന്ന ശില്പശാലയിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്തയും താമസസൗകര്യവും ലഭ്യമാക്കും. 2018 ഫെബ്രുവരി രണ്ടാംവാരമായിരിക്കും ശില്പശാല നടക്കുക. ശില്പശാലയുടെ കൃത്യമായ തീയതിയും വേദിയും തീയതിയും പിന്നീട് അറിയിക്കുന്നതാണ്. അധ്യാപകരുടെ കഥ, കവിത വിഭാഗങ്ങളിൽപ്പെടുന്ന രചനകൾ എഡിറ്റർ, വിദ്യാരംഗം, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ 2018 ജനുവരി 31-ന് മുമ്പ് ലഭിക്കേണ്ടതാണ്. രചനകൾ അയയ്ക്കുന്ന കവറിനു പുറത്ത് 'അധ്യാപകശില്പശാല 2018' എന്ന് രേഖപ്പെടുത്തേണ്ടതാണ്. അയയ്ക്കുന്ന സൃഷ്ടിയുടെ കൂടെ ഇതോടൊപ്പമുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് അയയ്ക്കേണ്ടതാണ്.

ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഈ സർക്കുലർ എല്ലാ സ്കൂളുകളിലും എത്തിക്കേണ്ടതും ഹെഡ്മാസ്റ്റർമാർ അധ്യാപകർക്ക് ശില്പശാലയെക്കുറിച്ചുള്ള വിവരം നൽകേണ്ടതുമാണ്.

**കെ.വി. മോഹൻകുമാർ** ഐ.എ.എസ്.
പൊതുവിദ്യാഭ്യാസഡയറക്ടർ

# അപേക്ഷാഫോറത്തിന്റെ മാതൃക

# സർഗസാഹിതി 2018

1. രജിസ്റ്റർ നമ്പർ (ഓഫീസ് ഉപയോഗം) :
2. സൃഷ്ടിയുടെ പേര് :
3. അധ്യാപകന്റെ/അധ്യാപികയുടെ പേരും മേൽവിലാസവും (സ്കൂൾ) :
4. വീട്ടുമേൽവിലാസം (ജില്ലയും പിൻകോഡും സഹിതം)
5. അറിയിപ്പ് അയയ്ക്കേണ്ട മേൽവിലാസം :
6. കഴിഞ്ഞവർഷം ശില്പശാലയിൽ പങ്കെടുത്തിട്ടുണ്ടോ? : ഉണ്ട് ഇല്ല
7. അധ്യാപകന്റെ/അധ്യാപികയുടെ ഫോൺ നമ്പർ :
8. ഇ-മെയിൽ :
9. അധ്യാപകന്റെ ഒപ്പ് :

**പ്രഥമാധ്യാപകന്റെ സർട്ടിഫിക്കറ്റ്**

ശ്രീ./ശ്രീമതി.......................................................................................... ഈ വിദ്യാലയത്തിൽ ............................... ............................................. വിഭാഗത്തിൽ ജോലി നോക്കുന്നു. വിദ്യാരംഗം അധ്യാപകശില്പശാലയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ വേണ്ടി അയയ്ക്കുന്ന ഈ സൃഷ്ടി പ്രസ്തുത അധ്യാപകൻ രചിച്ചതാണെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : പ്രഥമാധ്യാപകന്റെ ഒപ്പ്

തീയതി : സ്കൂളിന്റെ പേര്

സ്കൂൾ സീൽ

---

**അപേക്ഷാഫോറത്തിന്റെ ഫോട്ടോകോപ്പിയിലോ ടൈപ്പ് ചെയ്തെടുത്ത കോപ്പിയിലോ വേണം പൂരിപ്പിച്ച് അയയ്ക്കേണ്ടത്.**